LIBRARY ARCHIVES Kerala Legislative Assembly

എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പഠിതാക്കൾക്ക് സ്കോളർഷിപ്പും, താമസസൗകര്യവും, തൊഴിൽ പരിശീലനവും ഇതോടൊപ്പം നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട ജീവിത സാഹചര്യം സൃഷ്ടിക്കുവാനും അതിലൂടെ അവരെ പ്രാപ്തരാക്കാനുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി 35 ലക്ഷം രൂപ ആദ്യ ഘട്ടത്തിലും, സ്കോളർഷിപ്പ് അനുവദിക്കുന്നതിലേയ്ക്കായി അധികമായി ആവശ്യമായിവന്ന 10,71,000 രൂപയും ചേർത്ത് ആകെ 45,71,000 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

2. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ധനസഹായം- വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നല്കേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെയുള്ള 58 ശതമാനം ട്രാൻസ്ജെൻഡർ വ്യക്തികളാണുള്ളത് എന്നാണ് സർവ്വെ ഫലം സൂചിപ്പിക്കുന്നത്. സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കുന്ന പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയുമാണ് സ്കോളർഷിപ്പ് തുക. കഴിഞ്ഞ സാമ്പത്തിക വർഷം സ്കോളർഷിപ്പ് ഇനത്തിൽ 24 പേർക്ക് 4,80,000 രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർക്കായുള്ള ക്ഷേമപദ്ധതികൾ

172 (4560) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേനയും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേനയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയും ഭിന്നശേഷിക്കാർക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ വിശദാംശങ്ങളും യഥാക്രമം അനുബന്ധം I, II, III* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.